പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1674 **16-10-2026-ൽ മറുപടിയ്ക്ക്**

കെ.എസ്.ആർ.ടി.സി.യിലെ പെൻഷനേഴ്സ് ഐ.ഡി. കാർഡ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. റഹ്മത്തുള്ള ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

(എ) സംസ്ഥാന സർക്കാർ സർവീസുകളിലെ ജീവനക്കാരിൽ ഏറിയപങ്ക് രോഗികളും പൊതുഗതാഗത ട്രാൻസ്പോർട്ട് സർവീസുകളിലെ കണ്ടക്ടർ/ഡ്രൈവർ വിഭാഗം തൊഴിലാളികളാണെന്ന ശാസ്ത്രസാഹിത്യ പരിഷത്തിന്റെ കണ്ടെത്തലിന്മേൽ അതിനനുകൂലമായി മുൻ രണ്ട് സർക്കാരുകൾ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

മറുപടി: കെ.എസ്.ആർ.ടി.സി.യിൽ ശാസ്ത്ര സാഹിത്യപരിഷത്തിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ബി) മിക്കവാറുമുള്ള എല്ലാ ഇതരസംസ്ഥാന പൊതുഗതാഗത ട്രാൻസ്പോർട്ട് സർവീസുകളിലെയും കണ്ടക്ടർ/ഡ്രൈവർ തൊഴിലാളികളുൾപ്പടെയുള്ളവർക്ക് സർവീസാനന്തരം നൽകുന്ന പെൻഷനേഴ്സ് ഐ.ഡി. കാർഡിൽ പങ്കാളിയുടെതുൾപ്പടെയുള്ള ജോയിന്റ് ഫോട്ടോഗ്രാഫ് പതിച്ചുനൽകുന്ന രീതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കെ.എസ്.ആർ.ടി.സി.യിലും പ്രസ്തുതരീതി നടപ്പാക്കാൻ അടിയന്തര നിർദ്ദേശം നൽകുമോ; എങ്കിൽ ഇത് എന്ന് മുതൽ നടപ്പാവുമെന്ന് വ്യക്തമാക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ